(ബി) എങ്കിൽ ആയത് നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ ഏത് ഘട്ടംവരെയായി എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആരോഗ്യവകുപ്പിലെ നൂറു കിടക്കകളിൽ കൂടുതലുള്ള ആശുപത്രികളിലും എഫ്.ഡബ്ല്യൂ.ഡി. പ്രകാരം ഉത്തരവായി. ഈ ഉത്തരവ് പൂർണ്ണമായി നടപ്പിലാക്കുന്നതിനു വേണ്ടി വരുന്ന ഡോക്ടർമാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി എടുത്തുവരുന്നു.

പുതിയ മെഡിക്കൽ കോളേജുകൾ

139 (1608) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നബാർഡിന്റെ സഹായത്തോടെ പ്രൈമറി ഹെൽത്ത് സെന്ററുകളുടെ നവീകരണത്തിന് ഏതെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ആയത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഏത് വർഷം മുതലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്നും ഇതിന് ലഭ്യമാകുന്ന സഹായം എന്താണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) നബാർഡിന്റെ സഹായത്തോടെ പ്രൈമറി ഹെൽത്ത് സെന്ററുകളുടെ നവീകരണത്തിനായി ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഗ്രാമീണാരോഗ്യ കേന്ദ്രങ്ങൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമുള്ള പദ്ധതിയായിട്ടാണിത് നടപ്പിലാക്കുന്നത്.

(സി) 2003-2004 വർഷം മുതൽ നബാർഡിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് നടപ്പാക്കാമെന്നാണ് കരുതുന്നത്. 49 കോടി ഉറുപ്പികയുടെ പ്രൊപ്പോസലുകൾ സമർപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. 70 കോടി ഉറുപ്പികയുടെ പ്രോജക്ടുകൾ തയ്യാറാക്കാൻ നടപടി എടുത്തു വരുന്നുണ്ട്. നബാർഡിന്റെ അനുമതി ലഭിച്ചാലേ സഹായം എത്രയാണെന്ന് വ്യക്തമാക്കാനാകുകയുള്ളൂ.

പുതിയ മെഡിക്കൽ കോളേജുകൾ

140 (1609) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ പുതുതായി എത്ര മെഡിക്കൽ കോളേജുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത മെഡിക്കൽ കോളേജുകളിൽ കഴിഞ്ഞ വർഷം എത്ര വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചിട്ടുണ്ട്. ഇതിൽ മെറിറ്റ് സീറ്റ് എത്ര ശതമാനം, മാനേജ്മെന്റ് കാറ്റഗറിയിൽ ഈ ഓരോ കോളേജുകളിലും എത്ര വീതം വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) നടപ്പുവർഷം പുതിയതായി എത്ര മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നുണ്ടെന്ന് പറയാമോ ;

(ഡി) സംസ്ഥാനത്ത് കഴിഞ്ഞ വർഷം ആരംഭിച്ച മെഡിക്കൽ കോളേജുകളുടെ പ്രവർത്തന പരിശോധനയിൽ അഖിലേന്ത്യാ മെഡിക്കൽ കൗൺസിൽ അസംതൃപ്തി പ്രകടിപ്പിച്ചിട്ടുണ്ടോ ; ആയതിന്റെ പരിശോധനാ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ഇ) കുട്ടികളുടെ പഠനത്തിന് ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ നിലവിലില്ലാത്തതിനാലും രോഗികളുടെയും കിടക്കകളുടെയും എണ്ണം കുറവായതിനാലും പ്രസ്തുത കോളേജുകളിൽ പ്രവേശനം നടത്തേണ്ടതില്ല എന്ന് അഖിലേന്ത്യാ മെഡിക്കൽ കൗൺസിൽ നിർദ്ദേശിച്ചിട്ടുണ്ടോ ;

(എഫ്) കഴിഞ്ഞ വർഷം ആരംഭിച്ചതും ഈ അദ്ധ്യയന വർഷം ആരംഭിക്കുന്നതുമായ സ്വകാര്യ മെഡിക്കൽ കോളേജുകളിൽ സർക്കാർ സർവ്വീസിൽനിന്ന് ഡോക്ടർമാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വിട്ടുകൊടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നുമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് നാല് സ്വാശ്രയ അൺ എയ്ഡഡ് മെഡിക്കൽ കോളേജുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഓരോ മെഡിക്കൽ കോളേജിലും 100 വീതം വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിനാണ് കേന്ദ്രഗവൺമെന്റ് അനുവാദം നൽകിയിരുന്നത്. സി.എസ്.ഐ. മെഡിക്കൽ കോളേജ് 50% ശതമാനവും പുഷ്പഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസും, മലങ്കര ഓർത്തഡോക്സ് ഡിവിഷൻ ചർച്ച് മെഡിക്കൽ കോളേജും 100 ശതമാനവും, അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് 30 ശതമാനവും വിദ്യാർത്ഥികളെ മാനേജ്മെന്റ് കാറ്റഗറിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്.

(സി) തൃശൂരിലുള്ള ജൂബിലി മെഡിക്കൽ മിഷൻ ആന്റ് റിസർച്ച് സെന്ററിന് മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുള്ള ലറ്റർ ഓഫ് ഇൻറൻഡ് കേന്ദ്രഗവൺമെന്റിൽനിന്നും ലഭിച്ചിട്ടുണ്ട്.

(ഡി)&(ഇ) ഇപ്രകാരമുള്ള ഒരു റിപ്പോർട്ട് ഇന്ത്യൻ മെഡിക്കൽ കൗൺസിലിൽ നിന്നും സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടില്ല. എന്നാൽ കേന്ദ്രഗവൺമെന്റിന്റെ ലറ്റർ ഓഫ് പെർമിഷൻ ലഭിച്ചതിനുശേഷം മാത്രമേ സി.എസ്.ഐ. മെഡിക്കൽ കോളേജ് കാരക്കോണം, സഹകരണ മെഡിക്കൽ കോളേജ്, കൊച്ചി, പുഷ്പഗിരി

LIBRARY ARCHIVES Kerala Legislative Assembly

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് റിസർച്ച് സെന്റർ, തിരുവല്ല, മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ എന്നീ മെഡിക്കൽ കോളേജുകളിൽ 2003-04 അദ്ധ്യയന വർഷത്തേയ്ക്ക് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാവൂ എന്ന് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിർദ്ദേശിച്ചിട്ടുണ്ട്.

(എഫ്) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽനിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വിട്ടുകൊടുത്തിട്ടില്ല.

മാതാ അമൃതാനന്ദമയി മെഡിക്കൽ കോളേജ്

141 (1610) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :.
ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ). കൊച്ചിയിലുള്ള മാതാ അമൃതാനന്ദമയി മെഡിക്കൽ കോളേജുകളിൽ എത്ര സീറ്റാണ് നിലവിലുള്ളത് ;

(ബി) പ്രസ്തുത സീറ്റുകളിൽ ഗവൺമെന്റ് നിർദ്ദേശിക്കുന്ന എത്രപേർക്ക് അഡ്മിഷൻ ലഭിക്കുവാൻ കഴിയും ;

(സി) പ്രസ്തുത മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഗവൺമെന്റ് നിർദ്ദേശിക്കുന്നവർക്ക് അഡ്മിഷൻ കിട്ടുകയില്ലെങ്കിൽ ആയതിനുള്ള കാരണങ്ങൾ എന്തെല്ലാം ;

(ഡി) പ്രസ്തുത കോളേജ് ഒരു ഡീംഡ് യൂണിവേഴ്സിറ്റി ആയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇതിനുള്ള നിയമനിർമ്മാണം നടത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 100 സീറ്റുകൾ.

(ബി)&(സി) മാതാ അമൃതാനന്ദമയി മെഡിക്കൽ കോളേജിൽ കഴിഞ്ഞ അധ്യയന വർഷം സ്റ്റേറ്റ് മെറിറ്റ് ലിസ്റ്റിൽനിന്ന് 70 പേർക്ക് പ്രവേശനം നൽകിയിട്ടുണ്ട്. എന്നാൽ ഈ വർഷം മുതൽ പ്രസ്തുത സ്ഥാപനത്തെ കേന്ദ്ര ഗവൺമെന്റ് ഡീംഡ് യൂണിവേഴ്സിറ്റി ആയി ഉയർത്തിയിരിക്കുകയാണ്. ഡീംഡ് യൂണിവേഴ്സിറ്റികളിൽ അഡ്മിഷൻ നടത്തുന്നതിന് പൊതുപ്രവേശന പരീക്ഷ നടത്തുവാനുള്ള അധികാരിയെ നിശ്ചയിക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരുകൾക്ക് നൽകിക്കൊണ്ടുള്ള കേന്ദ്ര ആരോഗ്യവകുപ്പിന്റെ മാർഗ്ഗ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ ഇക്കാര്യം പരിശോധിച്ചുവരികയാണ്.

(ഡി)&(ഇ) ഉണ്ട്. 13-1-2003-ലെ ഇന്ത്യാ ഗവൺമെന്റിന്റെ കത്ത് പ്രകാരം അമൃതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന് 'ഡീംഡ് യൂണിവേഴ്സിറ്റി' പദവി ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly